# നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികളുടെ വാർഷികസമ്മേളനം നടത്തി

കൊച്ചി : കേരളത്തിലെ നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികളുടെ സംഘടനയായ കെഎൻബിഎഫ്സിയുടെ വാർഷിക സമ്മേളനം ധന മന്ത്രി കെ.എം. മാണി ഉദ്ഘാടനം ചെയ്തു. ബാങ്കിംഗേതര ധനകാര്യ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും സമ്മേളനം ചർച്ച ചെയ്തു. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ജനറൽ മാനേജർഅനിൽ കെ. ശർമ്മ, കെ.പി.എം.ജി റിസ്ക് കൺസൾട്ടിംഗ് ഡയറക്ടർ ശ്രീധർ പ്രസാദ്, കെ എൻ ബി എഫ് സി ചെയർമാൻ തോമസ് ജോർജ്ജ് മുത്തൂറ്റ്, കെ എൻ ബി എഫ് സി വൈസ് ചെയർമാൻ കുര്യൻ സി ജോർജ്ജ് തുടങ്ങിയവർ പങ്കെടുത്തു.

ബാങ്കിംഗേതര ധനകാര്യമേഖലയുടെ സ്വാധീനവും പ്രാധാന്യവും സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുകയാണെന്ന് ചടങ്ങിൽ സംസാരിച്ച കെ എൻ ബി എഫ് സി ചെയർമാൻ തോമസ് ജോർജ്ജ് മുത്തൂറ്റ് അഭിപ്രായപ്പെട്ടു. ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെമേൽ മതിയായ നിയന്ത്രണം കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിനായി സർക്കാരും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയും മുന്നോട്ടു വെയ്ക്കുന്ന നിർദ്ദേശങ്ങളും നിയമങ്ങളും പൂർണ്ണമായും ഉൾക്കൊണ്ട് പ്രവർത്തിക്കാൻ ബാങ്കിംഗേതര ധനകാര്യ സ്ഥാപനങ്ങൾ പ്രതിജ്ഞാബദ്ധമാണ്.

ചടങ്ങിൽ പങ്കെടുത്ത റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ജനറൽ മാനേജർ അനിൽ കെ. ശർമ്മ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ പുലർത്തേണ്ട നിയമപരമായ ബാദ്ധ്യതകൾ വിശദീകരിച്ചു. കെ.പി.എം.ജി ഡയറക്ടർ ശ്രീധർ പ്രസാദ് ഈ രംഗത്തെ വെല്ലുവിളികൾ ചൂണ്ടിക്കാട്ടി.